DESPATCHED
On. 13/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1492(2)/2020/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 12342/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സഞ്ജയകുമാർ ഡി.എസ്.,
സതീഷ് ഭവൻ, ലക്ഷ്മിപുരം,
കോട്ടൂർ പി.ഒ., തിരുവനന്തപുരം,
പിൻ - 695 574. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പോലീസ് ഇൻസ്പെക്ടർ,
വിഴിഞ്ഞം പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെയ്യാറ്റിൻകര - 695 121.

3. അപ്പീൽ അധികാരി&
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,
ഫോർട്ട് സബ്ഡിവിഷൻ, തിരുവനന്തപുരം സിറ്റി. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.10.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ല എന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 11.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, സജി നിവാസിൽ ചവിണിച്ചിവിള, വെട്ടിക്കുഴി, സത്യൻനഗർ,എസ്റ്റേറ്റ് പി.ഒ., പാപ്പനംകോട്, തിരുവനന്തപുരം എന്ന അഡ്രസ്സിൽ ഉൾപ്പെട്ട സദാനന്ദൻ, ജയകുമാരി, സജി, സന്ധ്യ എന്നിവർക്ക് എതിരെ(പ്രതിയാക്കി) വിഴിഞ്ഞം പോലീസിൽ ദീപാ രാജേന്ദ്രൻ, D/o രാജേന്ദ്രൻ, ദൃശ്യാ ഭവൻ, തെന്നൂർക്കോണം, കോട്ടപ്പുറം, വിഴിഞ്ഞം എന്ന അഡ്രസ്സുകാരി 01.01.2017നും 31.03.2020നും ഇടയ്ക്ക് ഗാർഹിക പീഡനം ഉൾപ്പെടുത്തി കേസ് എടുക്കാൻ പരാതി നൽകിയോ എന്നും നൽകിയെങ്കിൽ ടി പരാതിയുടെ പകർപ്പ്, ടി കേസിന്റെ എഫ്.ഐ.ആർ., എഫ്.ഐ.എസ്., കൃത്യ സ്ഥല മഹസ്സർ റിപ്പോർട്ട്, അന്തിമ റിപ്പോർട്ട് പകർപ്പ്, ടി ക്രൈം നമ്പർ, സി.സി. നമ്പർ എന്നിവ നൽകണമെന്നുമാണ്.

ആയതിന് 19.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമം 8(j) പ്രകാരം നൽകുന്നതിനു നിർവ്വാഹമില്ല എന്നാണ് അറിയിച്ചത്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ സംബന്ധിച്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, നെയ്യാറ്റിൻകര ഓഫീസിൽ നിന്നും എസ്.പി.ഐ.ഒ.& പോലീസ് അസിസ്റ്റന്റ് കമ്മീഷണർ, പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം സിറ്റിയ്ക്ക് 05.10.2020ന് അയച്ച കത്തിൽ നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയത് പരിശോധിച്ചതിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ അപേക്ഷകൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ആക്ഷേപം ഉന്നയിച്ച് അപ്പീൽ അപേക്ഷ ടി ഓഫീസിൽ തെറ്റായി നൽകിയതാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ ടി അപേക്ഷയിന്മേലുള്ള തുടർ നടപടികൾക്കായി ടി അപേക്ഷ മേൽപ്പടി ഓഫീസിലേയ്ക്കയക്കുന്നുവെന്നുമാണ്.

4. എസ്.പി.ഐ.ഒ.& പോലീസ് അസി.കമ്മീഷണർ, ഫോർട്ട് സബ് ഡിവിഷൻ, തിരുവനന്തപുരം സിറ്റി 04.11.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 30.09.2020 തീയതി രേഖപ്പെടുത്തി നെയ്യാറ്റിൻകര ഡെപ്യൂട്ടി സൂപ്രണ്ട് മുമ്പാകെ സമർപ്പിച്ചിരുന്ന വിവരാവകാശ അപ്പീൽ അപേക്ഷ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിൽ ആകയാൽ ആയത് No.115RIAct/2020/CSD പ്രകാരം 05.10.2020 തീയതി ടി ഓഫീസിലേയ്ക്ക് അയച്ച് കിട്ടിയിട്ടുള്ളതാണെന്നും ടി അപേക്ഷ സസൂക്ഷ്മം പരിശോധിച്ചതിൽ ഹർജിക്കാരൻ ഉന്നയിച്ചിട്ടുള്ള വിഴിഞ്ഞം പോലീസ് ഇൻസ്പെക്ടർ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതിൽ സമയക്ലിപ്തത പാലിച്ചില്ല എന്നുള്ളതിനെ സംബന്ധിച്ച് അന്വേഷിച്ചതിൽ ആയത് തികച്ചും വാസ്തവവിരുദ്ധമാണെന്നു ബോദ്ധ്യപ്പെട്ടുവെന്നാണ്. കാരണം ടിയാന്റെ തന്നെ അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട് 11.09.2020ന് ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് 19.09.2020ന് മറുപടി ലഭിച്ചിട്ടുണ്ടെന്നുള്ളത്. കൂടാതെ അപ്പീൽ അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 8(ജെ) പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്നുള്ള വിവരമാണ് അറിയിച്ചത്.

5. സ്റ്റേഷൻ ഹൗസ് ഓഫീസർ, വിഴിഞ്ഞം പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി 10.10.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 19.09.2020 തീയതി ടി സ്റ്റേഷനിൽ എസ്.എച്ച്.ഒ. ആയിരുന്ന ശ്രീ.എസ്.ബി.പ്രവീൺ ആണ് മറുപടി കൊടുത്തിരിക്കുന്നതെന്നും ഹർജിക്കാരന്റെ അപക്ഷ പരിശോധിച്ചതിൽ ശ്രീമതി ദീപാരാജേന്ദ്രന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം.103/2018 U/S 498(A),323,324,506&34 1PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബഹ.കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുള്ളതും ആയത് CC48/19 ആയി കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാകുന്നുവെന്നാണ്. ടി കേസിലെ വാദിയായ ശ്രിമതി ദീപാരാജേന്ദ്രൻ കേസിനെ സംബന്ധിച്ചുള്ള ഒരു രേഖകളും ആർക്കും കൊടുക്കരുതെന്ന് രേഖാമൂലം എഴുതി കൊടുത്തിട്ടുള്ളതിനാലും അപേക്ഷകൻ ടി കേസിലെ വാദിയോ പ്രതിയോ അല്ലാത്തതിനാലും പൊതുതാല്പര്യ വിഷയമല്ലാത്തതിനാലും വിവരാവകാശ നിയമം വകുപ്പ് 8(ജെ) പ്രകാരം കൊടുക്കാൻ നിർവ്വാഹമില്ലെന്ന് മറുപടി നൽകിയതിൽ

അപാകത കാണുന്നില്ലെന്നുള്ള വിവരത്തിന് റിപ്പോർട്ട് ഹാജരാക്കി ബോധിപ്പിച്ചു കൊള്ളുന്നുവെന്നാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ IPC സെക്ഷൻ 354, 498(A), 376 എന്നിവയുമായി ബന്ധപ്പെട്ടവയാണെന്നും പ്രസ്തുത സെക്ഷനിൽ ഉൾപ്പെടുന്ന വിവരം അപ് ലോഡ് ചെയ്യാറില്ലെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നും രണ്ടും എതിർകക്ഷികളുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Gc/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM